# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 ജനുവരി 17 വെള്ളി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കലാപഠനത്തിന് ധനസഹായം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കലാപഠനത്തിന് ധനസഹായം നൽകുന്നു. 2019-20 വർഷത്തിൽ കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ ഉപജില്ലാതല കലോത്സവത്തിൽ പങ്കെടുത്ത് എ ഗ്രേഡും ഒന്നാം സ്ഥാനവും നേടി ജില്ലാതലത്തിൽ മത്സരിക്കുവാൻ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം 75000 രൂപയിൽ താഴെയായിരിക്കണം. താൽപര്യമുള്ളവർ വരുമാന സർട്ടിഫിക്കറ്റ്, ജില്ലാതല മത്സരത്തിൽ പങ്കെടുത്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സ്ഥാപനമേധാവിയുടെ കത്ത് മുഖാന്തിരം ജനുവരി 23 നകം തൃശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ അപേക്ഷ നൽകണം. ഫോൺ: 0487-2360810.

## യോഗം ഇന്ന് (ജനു. 18)

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ യോഗം ജനുവരി 18 രാവിലെ 10.30 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## ടെണ്ടർ

വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ചേർപ്പ് ശിശു വികസന പദ്ധതി കാര്യാലയത്തിലേക്ക് 2019-20 സാമ്പത്തിക വർഷത്തിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 18 വൈകീട്ട് മൂന്ന് മണി. ഫോൺ: 0487 2348388, 8281999212.

## ആൻസി സോജന് സർക്കാരിന്റെ പ്രതിദിന സഹായം

നാട്ടിക സ്പോർട്സ് അക്കാദമിയുടെ അത്‌ലറ്റ് ആൻസി സോജന് സംസ്ഥാന സർക്കാരിന്റെ സഹായം. പ്രതിദിനം 500 രൂപ വീതം ഭക്ഷണ ചെലവിനായി നൽകുമെന്ന് കായികമന്ത്രി ഇ.പി.ജയരാജൻ അറിയിച്ചു. ജി.വി.രാജ അവാർഡ് പ്രഖ്യാപന വേളയിലാണ് ആൻസിക്കുള്ള സഹായം മന്ത്രി പ്രഖ്യാപിച്ചത്.

നാട്ടിക ഗവ.ഹയർ സെക്കന്ററി സ്കൂൾ പ്ലസ് ടു.വിദ്യാർഥിനിയായ ആൻസി ഖേലോ ഇന്ത്യാ അത്‌ലറ്റിക്സ് മീറ്റിൽ മൂന്ന് സ്വർണം നേടി മീറ്റിലെ താരമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ദേശീയ സ്കൂൾ മീറ്റിൽ നാല് സ്വർണം നേടി വേഗറാണിയായും മികച്ച വനിതാ അത്‌ലറ്റായും തെരഞ്ഞെടുക്കപ്പെട്ടതും ആൻസിയാണ്. തീരദേശത്തെ നാട്ടിക സ്വദേശിനിയായ ഈ കായിക

താരം ഓട്ടോ ഡ്രൈവറായ സോജന്റെയും ത്രിവേണി സൂപ്പർ മാർക്കറ്റ് ജീവനക്കാരി ജാൻസിയുടേയും മകളാണ്. ബി.കെ.ജനാർദ്ദനൻ ചെയർമാനായ നാട്ടിക സ്പോർട്സ് അക്കാദമിയിൽ ഓട്ടോ ഡ്രൈവർ കൂടിയായ വി.വി.സനോജിന്(കണ്ണൻ) കീഴിലെ പരിശീലനമാണ് ആൻസിയെ മികച്ച ദൂരങ്ങളിലേയ്ക്കും വേഗത്തിലേയ്ക്കും നയിക്കുന്നത്.

***ഫോട്ടോ അടിക്കുറിപ്പ്: സംസ്ഥാന സർക്കാരിന്റെ സഹായം ലഭിച്ച നാട്ടിക സ്പോർട്സ് അക്കാദമിയുടെ അത്‌ലറ്റ് ആൻസി സോജൻ***

## വിയ്യൂർ സെൻട്രൽ ജയിൽ : പെട്രോൾ പമ്പ് ശിലാസ്ഥാപനം ഇന്ന് (ജനുവരി 18)

വിയ്യൂർ സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോമിനോട് അനുബന്ധിച്ച് നിർമ്മിക്കുന്ന പെട്രോൾ പമ്പിന്റെ നിർമാണ പ്രവൃത്തികളുടെ ശിലാസ്ഥാപന കർമ്മവും, ജൈവ പച്ചക്കറി തോട്ടത്തിന്റെ ഉദ്ഘാടനവും ഇന്ന് (ജനുവരി 18) ഉച്ചക്ക് 12 മണിക്ക് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ നിർവ്വഹിക്കും. കോർപ്പറേഷൻ മേയർ അജിത വിജയൻ അധ്യക്ഷത വഹിക്കും. ടി എൻ പ്രതാപൻ എം പി, ജില്ലാ കളക്ടർ എസ് ഷാനവാസ്, എന്നിവർ മുഖ്യാതിഥികളാകും. പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് ഡയറക്ടർ ജനറൽ ഋഷിരാജ് സിംഗ് സ്വാഗതവും വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് എൻ എസ് നിർമലനന്ദൻ നായർ നന്ദിയും പറയും.

## ചാലക്കുടി മത്സ്യഭവൻ ഉദ്ഘാടനം 20 ന്

ചാലക്കുടി മത്സ്യഭവന്റെ ഉദ്ഘാടനം ജനുവരി 20 ന് ഫിഷറീഷ് വകുപ്പ് മന്ത്രി ജെ മേഴ്സികുട്ടിയമ്മ നിർവഹിക്കും. സംസ്ഥാന തല മികച്ച മത്സ്യ കർഷകർക്കുള്ള അവാർഡ് വിതരണവും മത്സ്യ കർഷക സംഗമവും ചടങ്ങിൽ നടക്കും. ചാലക്കുടി ഗോപാലകൃഷ്ണ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ ബി ഡി ദേവസ്സി എം എൽ എ അധ്യക്ഷത വഹിക്കും. ബെന്നി ബെഹന്നാൻ എം പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ജയന്തി പ്രവീൺകുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ഷീജു തുടങ്ങിയവർ മുഖ്യാതിഥികളാകും. ജനകീയ മത്സ്യ കൃഷി സ്പെഷ്യൽ ഓഫീസർ ഇഗ്നേഷ്യസ് മൺഡ്രോ റിപ്പോർട്ട് അവതരിപ്പിക്കും.

## മികച്ച യുവജന ക്ലബ്ബിനുള്ള പുരസ്കാരം കൊടൂർ കലാ കായിക വേദി ക്ലബ്ബിന്

മതിലകം ബ്ലോക്കിൽ പ്രവർത്തിക്കുന്ന കൊടൂർ കലാ കായിക വേദിക്ക് കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയത്തിന്റെ നെഹ്റു യുവ കേന്ദ്ര ജില്ലാ തല യുവജന ക്ലബ് പുരസ്കാരം. 25000 രൂപയും ഉപഹാരവും ജില്ലാ കളക്ടർ ഒപ്പിട്ട പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. ജില്ലാ തലത്തിൽ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ട ക്ലബ്ബുകൾ ഒരു ലക്ഷം രൂപയുടെ സംസ്ഥാനതല അവാർഡിനും സംസ്ഥാനതല പുരസ്ക്കാരത്തിന് അർഹരായവർ അഞ്ചു ലക്ഷം രൂപയുടെ ദേശീയ പുരസ്കാരത്തിനും പരിഗണിക്കപ്പെടാൻ അർഹത നേടും. പരിസ്ഥിതി, ആരോഗ്യം, ശുചിത്വം, തൊഴിൽ പരിശീലനം, ബോധവത്കരണം, കലാകായിക സാംസ്കാരിക പരിപാടികൾ, പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തി ജില്ലാ കളക്ടർ ചെയർമാനായ സമിതിയാണ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുത്തത്. ജനുവരി 19 ന് കോസ്റ്റ് ഫോർഡ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് അവാർഡ് സമ്മാനിക്കും.

## പാടശേഖര തണ്ണീർത്തട പുനരുദ്ധാരണം രണ്ടാംഘട്ട പദ്ധതി ആലോചനാ യോഗം 20 ന്

തൃശൂർ നിയോജക മണ്ഡലത്തിലെ പാട ശേഖരങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ ആലോചനാ യോഗം ജനുവരി 20 ന് രാവിലെ 9.30 മണിക്ക് കുറ്റുമുക്ക് കസ്തൂർബാ സ്മാരക വായനശാലയിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാറിന്റെ അധ്യക്ഷതയിൽ

നടക്കും. തൃശൂർ കോർപ്പറേഷൻ പരിധിയിൽ വരുന്ന വിൽവട്ടം, വിയ്യൂർ, നെട്ടിശ്ശേരി എന്നീ വില്ലേജുകളിലെ എട്ടു പാടശേഖരങ്ങളിലെ ഗുണഭോക്താക്കളുടെ ആലോചനാ യോഗമാണ് നടക്കുക. ഈ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ മൂന്ന് കോടി അനുവദിച്ചിരുന്നു. രണ്ടാം ഘട്ടത്തിൽ 4.38 കോടിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായാണ് ഗുണഭോക്താക്കളുടെ ആലോചനാ യോഗം വിളിച്ചതെന്ന് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ അറിയിച്ചു.

## പട്ടികജാതി കോളനിയിലെ കിണറുകളിൽ പെട്രോളിന്റെ അംശം: പമ്പ് അടച്ചിടാൻ കളക്ടറുടെ നിർദേശം

കടവല്ലൂർ ഗ്രാമ പഞ്ചായത്തിലെ പെരുമ്പിലാവ് കോളനിയിലെ കിണറുകളിൽ പെട്രോളിന്റെ അംശമുണ്ടെന്ന് പരിശോധനയിൽ സ്ഥിരീകരിച്ചതിനെ തുടർന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് വെള്ളിയാഴ്ച രാവിലെ സ്ഥലം സന്ദർശിച്ചു. കിണറുകൾ പരിശോധിച്ച കളക്ടർ പെട്രോൾ പമ്പ് അടച്ചിടാനും പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യുവാനും നിർദ്ദേശിച്ചു. കളക്ടർക്കൊപ്പം സംസ്ഥാന മലിനീകരണ ബോർഡ് ഉദ്യോഗസ്ഥരും വില്ലേജ് അധികൃതരും പഞ്ചായത്തംഗങ്ങളായ കെ.ആർ റെജിൽ, കെ.എ ശിവരാമൻ, പ്രഭാത് മുല്ലപ്പിള്ളി എന്നിവരും ഉണ്ടായിരുന്നു. കടവല്ലൂർ പഞ്ചായത്തിലെ 14-ാം വാർഡിലെ കോളനി നിവാസികളാണ് സമീപത്തെ പെട്രോൾ പമ്പിൽ നിന്നും പെട്രോൾ ചോർന്ന് കിണറുകളിൽ എത്തുന്നതായി പരാതിപ്പെട്ടിരുന്നത്. അമ്പതോളം കുടുംബങ്ങളുടെ കിണറുകളിലാണ് മഞ്ഞപ്പാടയും കുമിളകളും ദുർഗന്ധവും പുളിരസവും അനുഭവപ്പെട്ട് വെള്ളം മലിനമായിരിക്കുന്നത്. വെള്ളത്തിൽ പെട്രോളിന്റെ അംശമുള്ളതിനാൽ കുടിക്കുവാനോ, ഭക്ഷണം പാകം ചെയ്യാനോ, കുളിക്കുവാനോ കഴിയാത്ത അവസ്ഥയിലായിരുന്നു ഇവിടത്തുകാർ.

## ജി.വി. രാജ സ്പോർട്സ് സ്കൂൾ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു: തൃശ്ശൂരിൽ ട്രയൽസ് ഫെബ്രുവരി 5ന്

തിരുവനന്തപുരം ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്ക് 2020 - 2021 അധ്യയന വർഷത്തിലെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ആറ്, ഏഴ്, എട്ട്, ഒമ്പത്, പ്ലസ് വൺ, വി.എച്ച്.എസ്.സി എന്നീ ക്ലാസ്സുകളിലേക്കാണ് പ്രവേശനം നടത്തുന്നത്. അത്‌ലറ്റിക്സ്, ബാസ്കറ്റ് ബോൾ, ഫുട്ബോൾ, വോളിബോൾ, തായ്ക്കാൻഡോ, റസ്ലിംഗ്, ഹോക്കി, വെയ്റ്റ് ലിഫ്റ്റിങ്, ബോക്സിങ്, ജൂഡോ എന്നീ കായികയിനങ്ങളിൽ താല്പര്യമുള്ള കുട്ടികളെ തെരഞ്ഞെടുക്കുക എന്ന ലക്ഷ്യത്തോടെ യുവജന കാര്യാലയമാണ് ജില്ലാ തലത്തിൽ സെലക്ഷൻ സംഘടിപ്പിക്കുന്നത്.

താൽപര്യമുള്ളവർ ജനന തീയതി തെളിയിക്കുന്ന രേഖയും ജില്ലാ സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ള സർട്ടിഫിക്കറ്റുകളും ഫോട്ടോകളുമായി ബന്ധപ്പെട്ട ജില്ലകളിലെ സെലക്ഷൻ കേന്ദ്രങ്ങളിൽ നിശ്ചിത ദിവസം ട്രയലിന് ഹാജരാകുക. വിദ്യാർത്ഥികൾക്ക് ഓൺലൈനായും രജിസ്റ്റർ ചെയ്യും. gvrsportsschool.org/talenthunt എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത ശേഷം ഇമെയിലിൽ ലഭിക്കുന്ന വിവരങ്ങളുടെ കോപ്പി ഹാജരാക്കണം. ഓൺലൈനിലല്ലാതെ നേരിട്ടും അപേക്ഷിക്കാം.

2020 ജനുവരി 28 മുതൽ ഫെബ്രുവരി 14 വരെയാണ് സെലക്ഷൻ നടത്തുന്നത്. ഫെബ്രുവരി അഞ്ചിന് രാവിലെ എട്ടിന് തൃശൂർ ജില്ലയിലെ സെലക്ഷൻ ട്രയൽസ് നടക്കും. പങ്കെടുക്കുന്നവർ വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ എത്തിച്ചേരണമെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ അറിയിച്ചു.

## വിദ്യാർത്ഥികൾക്ക് പ്രസംഗ മത്സരം

'പാഠ്യ പദ്ധതിയിൽ ആയുർവ്വേദം' എന്ന വിഷയത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ജനുവരി 21ന് ഡോ എ കെ ദേവീദാസ് മെമ്മോറിയൽ പ്രസംഗ മത്സരം നടത്തുന്നു. സർക്കാർ മേഖലയിലെ ആയുർവേദ ഡോക്ടർമാരുടെ സംഘടനയായ കേരള ഗവ ആയുർവേദ മെഡിക്കൽ

ഓഫീസേഴ്സ് ഫെഡറേഷൻ തൃശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് പ്രസംഗമത്സരം നടത്തുന്നത്. രാവിലെ 9.30 ന് തൃശൂർ ഗവ മോഡൽ ബോയ്സ് സ്കൂളിലെ ഗവ ടീച്ചേർസ് ട്രെയിനിങ് കോളേജ് ഓഡിറ്റോറിയത്തിൽ മത്സരം. വിജയികൾക്ക് ക്യാഷ് അവാർഡ് ലഭിക്കും. പങ്കെടുക്കുന്ന വിദ്യാർഥികൾ സ്കൂൾ അധികൃതരുടെ കത്തുമായി വരണം. പ്രവേശനം സൗജന്യമായിരിക്കും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി ഫോൺ നമ്പറുകൾ - 8078083711, 9447258626, 9074419613.

## ലൈഫ് മിഷൻ ജില്ലാതല ഭവന പൂർത്തീകരണ പ്രഖ്യാപനവും ഗുണഭോക്തൃ സംഗമവും 23 ന്

ലൈഫ് മിഷൻ ജില്ലാതല ഭവന പൂർത്തീകരണ പ്രഖ്യാപനവും ഗുണഭോക്തൃ സംഗമവും ജനുവരി 23 ന് ഉച്ചക്ക് 1.30 ന് കോർപ്പറേഷൻ ഇൻഡോർ സ്റ്റേഡിയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവ്വഹിക്കും. കൃഷിവകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽകുമാർ അധ്യക്ഷത വഹിക്കും. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്, ഗവ ചീഫ് വിപ് അഡ്വ കെ രാജൻ, ജില്ലയിലെ എം പി മാർ, എംഎൽഎമാർ എന്നിവർ മുഖ്യാതിഥികളാകും. ജില്ലാ കളക്ടർ എസ് ഷാനവാസ് റിപ്പോർട്ട് അവതരിപ്പിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് സ്വാഗതവും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ജി തിലകൻ നന്ദിയും പറയും. കേരള സർക്കാരിന്റെ ലൈഫ് മിഷൻ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ 2 ലക്ഷം ഭവനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനം തിരുവനന്തപുരത്ത് നിർവ്വഹിക്കുന്നതിന് മുന്നോടിയായാണ് ജില്ലാതല ലൈഫ് മിഷൻ ഭവന പൂർത്തീകരണ പ്രഖ്യാപനം നടത്തുന്നത്. ജില്ലയിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 14537 ഭവനങ്ങളുടെ പൂർത്തീകരണമാണ് നടന്നത്. ലൈഫ് മിഷൻ ഒന്നാം ഘട്ടം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം, രണ്ടാം ഘട്ടത്തിൽ -ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭവനം നൽകൽ, പി എം എ വൈ ലൈഫ് - ഗ്രാമം, നഗരം എന്നീ പദ്ധതികളിലൂടെയാണ് ജില്ലാതല ഭവന പൂർത്തീകരണം നടക്കുന്നത്.

## പാടശേഖര സമിതികൾക്ക് മോട്ടോർ പമ്പ്സെറ്റ് വിതരണം ചെയ്തു

കുന്നംകുളം നഗരസഭ ജനകീയാസൂത്രണ പദ്ധതി പ്രകാരം മൂന്ന് പാടശേഖര സമിതികൾക്കായി മോട്ടോർ പമ്പു സെറ്റുകൾ വിതരണം ചെയ്തു. ആർത്താറ്റ് കൃഷി ഭവനിൽ നടന്ന ചടങ്ങിൽ ജീവനി പദ്ധതിയും ഉദ്ഘാടനം ചെയ്തു. നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് 4,44,448 രൂപ ചെലവഴിച്ചാണ് പാടശേഖര സമിതികൾക്ക് മോട്ടോർ പമ്പ്സെറ്റ് നൽകിയത്. 15 എച്ച് പി, 10 എച്ച് പി മോട്ടോർ പമ്പ് സെറ്റുകളാണ് വിതരണം ചെയ്തത്.

നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പി എം സുരേഷ് അധ്യക്ഷത വഹിച്ചു. നഗരസഭ സ്ഥിരം സമിതി അധ്യക്ഷന്മാർ, കൗൺസിലർമാർ, കൃഷി ഓഫീസർ എസ് സുമേഷ്, അസി. കൃഷി ഓഫീസർ ടി എൻ നിമൽ എന്നിവർ പങ്കെടുത്തു.

## മുല്ലശ്ശേരിയിൽ തുണി സഞ്ചി നിർമ്മാണോദ്ഘാടനം നടന്നു

പ്ലാസ്റ്റിക് വിമുക്ത ഗ്രാമ പഞ്ചായത്ത് എന്ന ആശയത്തിന്റെ ഭാഗമായി മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ തിരുവോണം കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ തുണിസഞ്ചി നിർമ്മാണോദ്ഘാടനം നടന്നു. ഉദ്ഘാടനം മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി. ബെന്നി നിർവ്വഹിച്ചു. പ്ലാസ്റ്റിക് വിമുക്ത ഗ്രാമം രൂപീകരിക്കുന്നതോടൊപ്പം സ്വയംതൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുകയുമാണ് തുണിസഞ്ചി നിർമ്മാണത്തോടെ ലക്ഷ്യംവെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. തിരുവോണം കുടുംബശ്രീ അയൽക്കൂട്ടത്തിന് കീഴിൽ പ്രവർത്തിക്കുന്ന ആറ് പേരടങ്ങുന്ന സംരംഭക യൂണിറ്റാണ് തുണി സഞ്ചികൾ നിർമ്മിക്കുന്നത്. 15 രൂപ മുതൽ 75 രൂപ വരെയുള്ള നിരക്കിൽ വ്യത്യസ്ത വലുപ്പങ്ങളിലായാണ് തുണി സഞ്ചികൾ വിൽക്കുന്നത്.

എട്ടാം വാർഡ് മെമ്പർ ടി.ജി പ്രവീൺ അധ്യക്ഷനായ ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീദേവി ജയരാജ്, സി.ഡി.എസ് ചെയർപേഴ്സൻ രമ്യ സുധാകരൻ എന്നിവർ മുഖ്യാതിഥിയായി, മിനി മോഹൻദാസ്, ബബിത ലിജോ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. പുനർജനി യൂണിറ്റ് അംഗങ്ങളായ ടിന്റു ആന്റണി സ്വാഗതവും സിജി നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: തിരുവോണം കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ പുനർജ്ജനി തുണി സഞ്ചി നിർമ്മണോദ്ഘാടനം പഞ്ചയത്ത് പ്രസിഡന്റ് എ.പി ബെന്നി നിർവ്വഹിക്കുന്നു***

**തുടരും**